2025
DECEMBER
24
WEDNESDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




# 'പ്രെഡിക്റ്റീവ് പോലീസിംഗ്' മാതൃകകൾ വികസിപ്പിക്കണം




**ന്യൂഡൽഹി:** ദേശീയ സുരക്ഷ നേരിടുന്ന ഏറ്റവും സങ്കീർണ്ണമായ വെല്ലുവിളികൾ പരമ്പരാഗതമല്ലാത്തതും ഡിജിറ്റൽ സ്വഭാവമുള്ളതുമാണെന്നും കുറ്റകൃത്യങ്ങൾ മുൻകൂട്ടി പ്രവചിക്കാവുന്ന 'പ്രെഡിക്റ്റീവ് പോലീസിംഗ്' മാതൃകകൾ വികസിപ്പിക്കണമെന്നും രാഷ്ട്രപതി ദ്രൗപദി മുർമു'. ജനകേന്ദ്രീകൃത ദേശീയ സുരക്ഷ: വികസിത ഭാരതം കെട്ടിപ്പടുക്കുന്നതിൽ സമൂഹ പങ്കാളിത്തം' എന്ന വിഷയത്തിൽ നടന്ന ഇന്റലിജൻസ് ബ്യൂറോ ശതാബ്ദി എൻഡോവ്മെന്റ് പ്രഭാഷണം നടത്തുകയായിരുന്നു രാഷ്ട്രപതി. ഇത്തരം പ്രശ്നങ്ങളിൽ ഭൂരിഭാഗവും അത്യാധുനിക സാങ്കേതികവിദ്യകളിൽ നിന്നാണ് ഉത്ഭവിക്കുന്നത്. ഈ സാഹചര്യത്തിൽ, സാങ്കേതികമായി കഴിവുള്ള സമൂഹങ്ങളെ വികസിപ്പിക്കേണ്ടതുണ്ട്.

വർദ്ധിച്ചുവരുന്ന ഡിജിറ്റൽ തട്ടിപ്പുകൾ തടയാൻ വീടുകളിലും സ്ഥാപനങ്ങളിലും പ്രാദേശിക തലത്തിലും ജാഗ്രത ആവശ്യമാണ്. ഫിഷിംഗ്, ഡിജിറ്റൽ തട്ടിപ്പ്, ഓൺലൈൻ ദുരുപയോഗം എന്നിവ റിപ്പോർട്ട് ചെയ്യാൻ ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾക്ക് പൗരന്മാരെ പ്രാപ്തരാക്കാൻ കഴിയും. ഇത് സുരക്ഷാ ഏജൻസികൾക്ക് തത്സമയ വിവരങ്ങൾ ലഭ്യമാക്കാൻ സഹായിക്കുന്നു. ഇത്തരത്തിൽ തത്സമയ ഡാറ്റ വിശകലനം ചെയ്യുന്നതിലൂടെ, കുറ്റകൃത്യങ്ങൾ മുൻകൂട്ടി പ്രവചിക്കാവുന്ന 'പ്രെഡിക്റ്റീവ് പോലീസിംഗ്' മാതൃകകൾ വികസിപ്പിക്കാൻ സാധിക്കും. ജാഗ്രതയും സാങ്കേതിക ജ്ഞാനവുമുള്ള പൗരന്മാരുടെ സമൂഹങ്ങൾ സൈബർ കുറ്റകൃത്യങ്ങൾക്ക് ഇരയാകാനുള്ള സാധ്യത കുറയ്ക്കുക മാത്രമല്ല, അത്തരം കുറ്റകൃത്യങ്ങൾക്കെതിരെയുള്ള ഒരു സുരക്ഷാ കവചമായി പ്രവർത്തിക്കുകയും ചെയ്യും. പൗരക്ഷേമവും പൊതുജനപങ്കാളിത്തവും നമ്മുടെ സുരക്ഷാ തന്ത്രത്തിന്റെ കാതലായി സ്ഥാപിക്കുന്നതിലൂടെ, നമ്മുടെ പൗരന്മാരെ സുരക്ഷാവിവരങ്ങൾ നല്കുന്ന ഫലപ്രദമായ സ്രോതസ്സുകളായും സുരക്ഷാ പങ്കാളികളായും മാറ്റാൻ നമുക്ക് സാധിക്കുമെന്ന് രാഷ്ട്രപതി പറഞ്ഞു. പൊതുജനപങ്കാളിത്തത്താൽ നയിക്കപ്പെടുന്ന ഈ പരിവർത്തനം ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ സങ്കീർണ്ണവും ബഹുമുഖവുമായ സുരക്ഷാ വെല്ലുവിളികളെ നേരിടാൻ സഹായിക്കും.

സമൂഹ പങ്കാളിത്തം ദേശീയ സുരക്ഷയെ ശക്തിപ്പെടുത്തുമെന്ന് രാഷ്ട്രപതി പറഞ്ഞു. ജാഗ്രതയുള്ള പൗരന്മാർ നൽകിയ നിർണായക വിവരങ്ങളുടെ അടിസ്ഥാനത്തിൽ സുരക്ഷാ പ്രതിസന്ധികൾ ഒഴിവാക്കാൻ പ്രൊഫഷണൽ സേനകൾക്ക് സാധിച്ച നിരവധി ഉദാഹരണങ്ങളുണ്ട്. ദേശീയ സുരക്ഷയുടെ വിപുലമായ അർത്ഥവും തന്ത്രവും ജനങ്ങളെ ഇതിന്റെ കേന്ദ്രസ്ഥാനത്ത് നിർത്തുന്നു. ചുറ്റും സംഭവിക്കുന്ന കാര്യങ്ങളിൽ ജനങ്ങൾ കേവലം നിഷ്ക്രിയരായ കാഴ്ചക്കാരാകേണ്ടതില്ല. മറിച്ച്, അവർ തങ്ങളുടെ ചുറ്റുപാടുകളുടേയും അതിനപ്പുറമുള്ള പ്രദേശങ്ങളുടേയും സുരക്ഷയിൽ ജാഗ്രതയുള്ളവരും സജീവ പങ്കാളികളുമായി മാറണം. 'ജൻ ഭാഗീദാരി' എന്നത് ജനകേന്ദ്രീകൃത സുരക്ഷയുടെ ആണിക്കല്ലാണെന്നും രാഷ്ട്രപതി പറഞ്ഞു.

## സപ്ലൈകോയുടെ ഫെയറുകളിൽ തിരക്കേറുന്നു




**കൊച്ചി:** സപ്ലൈകോയുടെ ക്രിസ്മസ്, പുതുവത്സര ഫെയറുകളിൽ തിരക്കേറുന്നു. 1.65 ലക്ഷത്തോളം പേരാണ് ഇന്നലെ ഫെയറുകൾ ഉൾപ്പെടെയുള്ള സപ്ലൈകോ വിൽപ്പനശാലകൾ സന്ദർശിച്ചത്. 9.72 കോടി രൂപയുടെ വിറ്റു വരവാണ് പെട്രോൾ, റീട്ടെയിൽ ഉൾപ്പെടെയുള്ള സപ്ലൈകോ വിൽപ്പന ശാലകളിൽ നിന്നും ഡിസംബർ 22ന്. ലഭിച്ചത്. 1.82 കോടി രൂപയുടെ ശബരി സബ്സിഡി വെളിച്ചെണ്ണയുടെ വിൽപ്പനയും 2.54 കോടി രൂപയുടെ മറ്റു സബ്സിഡി ഉൽപ്പന്നങ്ങളുടെ വിൽപ്പനയും ക്രിസ്മസ് പുതുവത്സര ഫെയർ ആരംഭിച്ച ഡിസംബർ 22ന് നടന്നു.

ആറ് ജില്ലകളിലെ പ്രത്യേക ജില്ലാ ഫെയറുകളിൽ നിന്നും മാത്രമായി 15.946 ലക്ഷം രൂപയുടെ വിറ്റുവരവാണ് ഇതുവരെ ലഭിച്ചത്. ഇതിൽ 8.76ലക്ഷം രൂപ സബ്സിഡി ഇനങ്ങളുടെ വിറ്റുവരവിലാണ്. തിരുവനന്തപുരം ജില്ലാ ഫെയറിലാണ് ഏറ്റവും കൂടുതൽ വിൽപ്പന. 6.27 ലക്ഷം രൂപയുടെ വിറ്റു വരവാണ് തിരുവനന്തപുരം പുത്തരിക്കണ്ടം നായനാർ പാർക്കിലെ ജില്ലാ ഫെയറിൽ ഉണ്ടായത്. ഇതിൽ 3.52 ലക്ഷം രൂപ സബ്സിഡി ഇനങ്ങളാണ്. എറണാകുളം മറൈൻ ഡ്രൈവ്, കൊല്ലം ആശ്രാമം മൈതാനം, കോട്ടയം തിരുനക്കര മൈതാനം, പത്തനംതിട്ട റോസ് മൗണ്ട് ഓഡിറ്റോറിയം, തൃശ്ശൂർ തേക്കിൻകാട് മൈതാനം എന്നിവിടങ്ങളിലാണ് മറ്റു ജില്ലാ ഫെയറുകൾ. എല്ലാ താലൂക്കുകളിലും ഒരു പ്രധാന വിൽപ്പനശാല ക്രിസ്മസ് ഫെയർ ആയി പ്രവർത്തിക്കുന്നുണ്ട്.

# അന്താരാഷ്ട്ര സ്പൈസ് റൂട്ട് സമ്മേളനത്തിന് കേരളം ഒരുങ്ങി

**കൊച്ചി:** സംസ്ഥാനത്തിന്റെ നൂറ്റാണ്ടുകൾ പഴക്കമുള്ള സമ്പന്നമായ ആഗോള സമുദ്ര പൈതൃകത്തെ അടയാളപ്പെടുത്തുന്ന പ്രഥമ അന്താരാഷ്ട്ര സ്പൈസ് റൂട്ട് സമ്മേളനത്തിന് ആതിഥേയത്വം വഹിക്കാൻ ഒരുങ്ങി കേരളം. സംസ്ഥാന ടൂറിസം വകുപ്പുമായി സഹകരിച്ച് മുസിരിസ് ഹെറിറ്റേജ് പ്രോജക്റ്റ് സംഘടിപ്പിക്കുന്ന ത്രിദിന സമ്മേളനം ജനുവരി 6 മുതൽ 8 വരെ എറണാകുളം ബോൾഗാട്ടി പാലസിൽ നടക്കും. പുരാതന സുഗന്ധവ്യഞ്ജന വിനിമയ പാതകളെ സമകാലിക ആഗോള ചർച്ചകളുമായി ബന്ധിപ്പിക്കുന്ന ബൗദ്ധിക, സാംസ്കാരിക വേദിയായിട്ടാണ് അന്താരാഷ്ട്ര സ്പൈസ് റൂട്ട് സമ്മേളനത്തെ വിഭാവനം ചെയ്തിരിക്കുന്നത്. 22 രാജ്യങ്ങളിൽ നിന്നുള്ള 38 വിശിഷ്ട പ്രതിനിധികൾ സമ്മേളനത്തിന്റെ ഭാഗമാകും.




പ്രമുഖ അക്കാദമിഷ്യന്മാർ, ചരിത്രകാരന്മാർ, പ്രശസ്ത പുരാവസ്തു ഗവേഷകർ, നയതന്ത്രജ്ഞർ, നയരൂപീകരണ വിദഗ്ധർ, ടൂറിസം മേഖലയിലെ പ്രഗത്ഭർ, പ്രശസ്ത കലാകാരന്മാർ, സാംസ്കാരിക പരിശീലകർ എന്നിവർ സമ്മേളനത്തിൽ പങ്കെടുക്കും. കേരളത്തിന്റെ പൈതൃക ടൂറിസം മേഖലയിൽ അന്താരാഷ്ട്ര സ്പൈസ് റൂട്ട് സമ്മേളനം ഒരു പുതിയ ഘട്ടമാണെന്ന് ടൂറിസം മന്ത്രി മുഹമ്മദ് റിയാസ് പറഞ്ഞു. കേരളത്തിന്റെ ആഗോള സമുദ്ര വിനിമയ ചരിത്രവും സാധ്യതകളും അടയാളപ്പെടുത്താൻ ഇതിലൂടെ സാധിക്കും. ഹെറിറ്റേജ് ടൂറിസം ഇന്ന് 600 ബില്യൺ യുഎസ് ഡോളറിന്റെ ആഗോള വിപണിയെ പ്രതിനിധീകരിക്കുന്ന മേഖലയാണ്. സ്പൈസ് റൂട്ട്സ് കേരളത്തിന് ശക്തവും ആധികാരികവുമായ അവസരങ്ങളാണ് വാഗ്ദാനം ചെയ്യുന്നത്. കേരളത്തിന്റെ സമുദ്ര ചരിത്ര ബന്ധങ്ങളെ പുനർവിചിന്തനം ചെയ്യുന്നതിലൂടെ ലോകമെമ്പാടുമുള്ള പൈതൃക കേന്ദ്രീകൃത മേഖലയ്ക്ക് ചരിത്രം, സംസ്കാരം, പാരമ്പര്യം എന്നിവയിൽ വേരൂന്നിയ ആഴത്തിലുള്ള അനുഭവങ്ങൾ വാഗ്ദാനം ചെയ്യുന്ന ആകർഷകമായ ലക്ഷ്യസ്ഥാനമായി കേരളത്തെ സ്ഥാപിക്കാനാണ് ലക്ഷ്യമിടുന്നത്. സുഗന്ധവ്യഞ്ജന വ്യാപാര മേഖലയിലെ സമുദ്ര ചരിത്രത്തിൽ ഉൾച്ചേർന്നിരിക്കുന്ന ജീവിതത്തെ കുറിച്ച് സമ്മേളനം ചർച്ചചെയ്യും.

പ്രധാന വിഷയാധിഷ്ഠിത സെഷനുകളിൽ ഇവ പരിശോധിക്കും. സമുദ്ര വ്യാപാരത്താൽ രൂപപ്പെട്ട ഭാഷാ, സാംസ്കാരിക വിനിമയം, കുടിയേറ്റം, അറിവ്, വിശ്വാസം, തത്വചിന്ത: സമുദ്ര മേഖലയിലൂടെ വ്യാപിച്ച ശാസ്ത്രം, വൈദ്യശാസ്ത്രം, വിശ്വാസ വ്യവസ്ഥകൾ, ബൗദ്ധിക പാരമ്പര്യങ്ങൾ, കൊളോണിയലിസവും പൈതൃകങ്ങളും: മാരിടൈം കൊളോണിയലിസത്തിന്റെ സാംസ്കാരികവും രാഷ്ട്രീയവുമായ പ്രത്യാഘാതങ്ങൾ മനസ്സിലാക്കൽ, സമുദ്ര സാങ്കേതിക വിദ്യകളും ലോജിസ്റ്റിക്സും: സമുദ്രപാതകളിലൂടെയുള്ള സാധനങ്ങളുടെയും ആശയങ്ങളുടെയും നവീകരണങ്ങളുടെയും കൈമാറ്റത്തിന്റെ ചരിത്രം തുടങ്ങിയ വിഷയങ്ങളിൽ സമ്മേളനത്തിൽ ചർച്ചകൾ നടക്കും.

മുസിരിസ് അനുഭവം, സമകാലിക കലാ ഇടപെടൽ, പാരമ്പര്യ കലകളുടെ ആസ്വാദനം തുടങ്ങിയവ ഉൾപ്പെടുന്ന കേരളത്തിന്റെ സാംസ്കാരിക പൈതൃകത്തിലേക്കുള്ള യാത്രയിലും സമ്മേളനത്തിലെ പ്രതിനിധികൾ ഭാഗമാകും. പണ്ഡിതന്മാർ, പൈതൃക പ്രൊഫഷണലുകൾ, ടൂറിസം പങ്കാളികൾ, സാംസ്കാരികകലാ പരിശീലകർ, വിദ്യാർത്ഥികൾ, ആഗോള പൈതൃക പ്രേമികൾ എന്നിവർക്ക് അന്താരാഷ്ട്ര സ്പൈസ് റൂട്ട് സമ്മേളനത്തിന്റെ ഭാഗമാകാം. സമ്മേളനത്തിൽ പങ്കെടുക്കാനുള്ള രജിസ്ട്രേഷൻ ആരംഭിച്ചു.

# ‘ഹൃദയപൂർവ്വം ’ അതിജീവിതരുടെ സംഗമം 27 ന്

**കൊച്ചി:** ഇന്ദിരാഗാന്ധി സഹകരണ ആശുപത്രിയിൽ കഴിഞ്ഞ 20 മാസത്തിനുള്ളിൽ ഹൃദയശസ്ത്രക്രിയകൾക്ക് വിധേയമായി ജീവിതത്തിലേക്ക് മടങ്ങിയെത്തിയവരുടെയും കുടുംബാഗംങ്ങളുടെയും സംഗമം ‘ഹൃദയപൂർവ്വം’ ഡിസംബർ 27ന് നടക്കും. എറണാകുളം ഗാന്ധിനഗർ ലയൺസ് കമ്മ്യൂണിറ്റി ഹാളിൽ രാവിലെ 10ന് ആരംഭിക്കുന്ന സംഗമം ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യും. ആശുപത്രി പ്രസിഡന്റ് എം. ഒ ജോൺ അധ്യക്ഷത വഹിക്കും. ജെബി മേത്തർ എം.പി, ബീമാ ജ്യുവൽസ് ചെയർമാൻ ബിന്ദു മാധവ്, മൻസൂർ ഫുഡ് മാനേജിംഗ് ഡയറക്ടർ എ. കെ മൻസൂർ, കൊച്ചിൻ ഐ.എം.എ പ്രസിഡന്റ് ഡോ. അതുൽ ജോസഫ് മാനുവൽ, ആശുപത്രി വൈസ് പ്രസിഡന്റ് അഡ്വ. ബി.എ അബ്ദുൾ മുത്തലിബ്, ഭരണസമിതി ഡയറക്ടർമാരായ അഗസ്റ്റസ് സിറിൾ, പി. വി അഷ്റഫ്, ആലപ്പാട്ട് മുരളീധരൻ, ഡോ. ഹസീന മുഹമ്മദ്, ഇക്ബാൽ വലിയവീട്ടിൽ, ടി. എച്ച് റഷീദ്, ഇന്ദിരാബായ് പ്രസാദ്, എൻ. എ അബ്രാഹം, പി.ഡി അശോകൻ, കെ.പി വിജയകുമാർ, മെഡിക്കൽ സൂപ്രണ്ട് ഡോ. സച്ചിദാനന്ദ കമ്മത്ത് തുടങ്ങിയവർ സംസാരിക്കും.

# സർഗാലയ അന്താരാഷ്ട്ര കലാ, കരകൗശല മേള

**കൊച്ചി:** സർഗാലയ കേരള ആർട്സ് ആന്റ് ക്രാഫ്റ്റ്സ് വില്ലേജ് സംഘടിപ്പിക്കുന്ന ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ കലാകരകൗശല ഉത്സവമായ സർഗാലയ അന്താരാഷ്ട്ര കലാകരകൗശല മേളയുടെ പതിമൂന്നാമത് പതിപ്പിന് കോഴിക്കോട് ഇരിങ്ങലിലുള്ള സർഗലയ ആർട്ട്സ് ആന്റ് ക്രാഫ്റ്റ് വില്ലേജിൽ തുടക്കമാകുന്നു. ഈ മേള ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും വിദേശ രാജ്യങ്ങളിൽ നിന്നുമായി 2 ലക്ഷത്തിലധികം സന്ദർശകരെ ആകർഷിക്കുമെന്ന് പ്രതീക്ഷിക്കുന്നുണ്ട്. ജനുവരി 11 വരെയാണ് സർഗാലയ അന്താരാഷ്ട്ര കലാകരകൗശല മേള. ഇന്ത്യയിലുടനീളമുള്ളതും വിദേശത്തുമുള്ള കരകൗശല വിദഗ്ധർക്ക് ഗ്രാമീണ അന്തരീക്ഷത്തിൽ അവരുടെ കൈകൊണ്ട് നിർമ്മിച്ച അതിമനോഹരമായ സൃഷ്ടികൾ പ്രദർശിപ്പിക്കുന്നതിനും വിപണനം ചെയ്യുന്നതിനുമുള്ള ഒരു സവിശേഷ വേദിയാണ് ഈ മേള. ഈ വർഷം വൈവിധ്യമാർന്ന കരകൗശല പാരമ്പര്യങ്ങളെ പ്രതിനിധീകരിക്കുന്ന ഏകദേശം 300 കരകൗശല വിദഗ്ധരുടെ പങ്കാളിത്തം പ്രതീക്ഷിക്കുന്നു.

മേളയുടെ ഉദ്ഘാടനം മന്ത്രി പി.എ. മുഹമ്മദ് റിയാസ് ഡിസംബർ 25നു വൈകുന്നേരം 6 മണിക്ക് നിർവഹിക്കും. കോഴിക്കോട് ജില്ലാ കളക്ടർ സ്നേഹിൽ കുമാർ സിംഗ്, ഐ.എ.എസ്, നബാർഡ് കേരള റീജിയൻ ചീഫ് ജനറൽ മാനേജർ നാഗേഷ് കുമാർ അനുമാല എന്നിവർ പങ്കെടുക്കും. മേളയിൽ ബലാറസ് , ഈജിപ്ത്, ഇറാൻ, ഇസ്രായേൽ, ജോർദാൻ, കസാഖ്സ്താൻ, നേപ്പാൾ, റഷ്യ, ശ്രീലങ്ക, സിറിയ, താജിക്കിസ്ഥാൻ, തായ്‌വാൻ, തായ്‌ലൻഡ്, ഉഗാ, ഉസ്ബെക്കിസ്ഥാൻ എന്നീ 15 രാജ്യങ്ങളിൽ നിന്നും കൂടാതെ ഇന്ത്യയിലെ 18 സംസ്ഥാനങ്ങളിൽ നിന്നുമുള്ള മുന്നൂറോളം കരകൗശല വിദഗ്ദ്ധർ പങ്കെടുക്കും.

ഹരിയാനയിലെ സൂര്യകാന്ത് ബോ് വാൾ, പശ്ചിമ ബംഗാളിലെ അസിത് ഭരൻജന, രാജസ്ഥാനിലെ മുഹമ്മദ് ഷെരീഫ്, ന്യൂഡൽഹിയിലെ മുഹമ്മദ് മത്തലൂബ്, ഷഹീൻ അഞ്ചും എന്നീ ദേശീയ കരകൗശല അവാർഡ് / ശിൽപ്പഗുരു വിജയികൾ മേളയിൽ പങ്കെടുക്കും. മേളയുടെ ഭാഗമായി നൂറിൽപ്പരം കരകൗശല സ്റ്റാളുകൾ, വൈവിധ്യമേറിയ കലാപരിപാടികൾ, ഹാൻഡ്‌ലൂം തീം പവിലിയൻ, ഹാൻഡ്‌ലൂം ഫാഷൻ ഷോ മത്സരം, കേരളീയ ഭക്ഷ്യമേള, ഫ്ലവർ ഷോ, ടൂറിസം എക്സ്പോ, പ്രമുഖർ പങ്കെടുക്കുന്ന ടൂറിസം ടോക്ക് ഷോ, കൊമേർഷ്യൽ പവിലിയൻ, വാഹന പ്രദർശനം, കളരിയുടെ ബന്ധപ്പെടുത്തിയുള്ള പ്രദർശനം, കുട്ടികൾക്കായുള്ള വിവിധ വിനോദോപാധികൾ എന്നിവ സംഘടിപ്പിക്കുന്നുണ്ട്. ഇത്തവണ പ്രത്യേകമായി രാജസ്ഥാൻ ഭക്ഷ്യ വിഭവങ്ങൾ മേളയിൽ ഒരുക്കുന്നു.

# എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആജീവനാന്ത ഒറ്റത്തവണ രജിസ്ട്രേഷൻ

**കൊച്ചി:** ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന് കീഴിലുള്ള എംപ്ലോയബിലിറ്റി സെന്ററും കോതമംഗലം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചും സംയുക്തമായി സ്വകാര്യ മേഖലയിലെ പ്രമുഖ സ്ഥാപനങ്ങളിൽ തൊഴിൽ അവസരമൊരുക്കുന്നതിനായി സംഘടിപ്പിക്കുന്നു. ഡിസംബർ 30 ന് രാവിലെ 10.30 മുതൽ വൈകുന്നേരം 3.00 വരെ കോതമംഗലം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലാണ് രജിസ്ട്രേഷൻ നടക്കുന്നത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തവർക്കും അല്ലാത്തവർക്കും 300 രൂപ രജിസ്ട്രേഷൻ ഫീ അടച്ച് രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്. രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് എംപ്ലോയബിലിറ്റി സെന്ററിൽ വെച്ച് നടത്തപ്പെടുന്ന ജോബ് ഡ്രൈവിലും സൗജന്യമായി പങ്കെടുക്കാവുന്നതാണ്. ഫോൺ: 9446025780, 0484- 2422452, 9446926836

# റെയിൽവേയ്ക്ക് വീൽചെയറുകൾ കൈമാറി വി.പി.എസ് ലേക്ഷോർ



**കൊച്ചി:** രോഗികൾക്കും വയോധികർക്കും ഭിന്നശേഷിക്കാർക്കും സുരക്ഷിതയാത്ര ഉറപ്പാക്കുന്നതിന് വിവിധ റെയിൽവേ സ്റ്റേഷനുകൾക്ക് വീൽചെയറുകൾ കൈമാറി വി.പി.എസ് ലേക്ഷോർ ആശുപത്രി. പ്ലാറ്റ്ഫോമുകളിലൂടെയും ട്രോളി പാതയിലൂടെയും പരുക്കൻ പ്രതലങ്ങളിലൂടെയും സുരക്ഷിതമായി ഉപയോഗിക്കാനാകുന്ന വിധത്തിൽ പ്രത്യേകമായി രൂപകൽപന ചെയ്ത വീൽചെയറുകളാണ് നൽകിയത്.

എറണാകുളം ജങ്ഷൻ (സൗത്ത്) റെയിൽവേ സ്റ്റേഷനിൽ നടന്ന ചടങ്ങിൽ വി.പി.എസ് ലേക്ഷോർ മാനേജിങ് ഡയറക്ടർ എസ്.കെ. അബ്ദുള്ള, സ്റ്റേഷൻ മാനേജർ വർഗീസ് സ്റ്റീഫന് വീൽചെയറുകൾ കൈമാറി. എറണാകുളം ജങ്ഷൻ, ടൗൺ, തൃപ്പൂണിത്തുറ, വള്ളത്തോൾനഗർ തുടങ്ങിയ വിവിധ റെയിൽ സ്റ്റേഷനുകളിലായിരിക്കും ഈ വീൽചെയറുകൾ ലഭ്യമാവുക. ജനങ്ങൾക്ക് ഗുണപ്രദമാകുന്ന എന്തൊക്കെ പ്രവർത്തനങ്ങൾ ചെയ്യാനാകുമെന്ന ചിന്തയുടെ അടിസ്ഥാനത്തിലാണ് വി.പി.എസ് ലേക്ഷോർ ഇത്തരം സേവന പദ്ധതികൾക്ക് നേതൃത്വം വഹിക്കുന്നതെന്ന് മാനേജിങ് ഡയറക്ടർ എസ്.കെ. അബ്ദുള്ള വ്യക്തമാക്കി.

സ്റ്റേഷൻ മാനേജർ വർഗീസ് സ്റ്റീഫൻ, ദക്ഷിണ റെയിൽവേ തിരുവനന്തപുരം ഡിവിഷണൽ മാനേജർ സുനിൽകുമാർ, വി.പി.എസ് ലേക്ഷോർ സി.ഇ.ഒ ജയേഷ് വി. നായർ,സി.എസ്.ആർ കമ്മിറ്റി ചെയർമാൻ അഡ്വ. വേണുഗോപാൽ, കോർപറേറ്റ് കമ്യൂണിക്കേഷൻ മാനേജർ ടി. അനിൽകുമാർ, റെയിൽവേ സ്റ്റേഷൻ കൺസൾട്ടേറ്റിവ് കമ്മിറ്റി പ്രതിനിധിയും കൊച്ചിൻ ചേംബർ ഓഫ് കോമേഴ്സ് മുൻ പ്രസിഡന്റുമായ സി.എസ്. കർത്ത, ശ്രീപൂർണത്രയീശ ക്ഷേത്ര കമ്മിറ്റി മുൻ പ്രസിഡന്റ് കെ.ജി. മധുസൂദനൻ, കൊച്ചി രാജകുടുംബാംഗം കൃഷ്ണദാസ് തമ്പുരാൻ, കൊച്ചിൻ ചേമ്പർ ഓഫ് കോമേഴ്സ് ആൻഡ് ഇൻഡസ്ട്രി സെക്രട്ടറി ശ്രീജിത്ത്, റെയിൽവേ സ്റ്റേഷൻ കൺസൾട്ടേറ്റിവ് കമ്മിറ്റി അംഗവും കൊച്ചിൻ ചേംബർ എക്സി. കമ്മിറ്റി അംഗവുമായ പ്രകാശ് അയ്യർ, ശ്രീപൂർണത്രയീശ ക്ഷേത്രം സബ് കമ്മിറ്റി പ്രതിനിധി ശ്രീലത, എറണാകുളം ജങ്ഷൻ റെയിൽവേ ഡെപ്യൂട്ടി സ്റ്റേഷൻ മാനേജർ ഗണേഷ് വെങ്കിടാചലം, ചീഫ് കോമേഴ്സ്യൽ ഇൻസ്പെക്ടർ പി.എൻ. ചന്ദ്രശേഖരൻ തുടങ്ങിയവർ സംസാരിച്ചു.

# അപേക്ഷ നിരസിച്ചു; 33 ലക്ഷത്തിന്റെ ഇൻഷുറൻസ് ക്ലെയിം നൽകണമെന്ന് ലോക് അദാലത്ത്

**കൊച്ചി :** ഗുരുതര രോഗപരിരക്ഷ ഇൻഷുറൻസ് പോളിസി പ്രകാരം ക്ലെയിം ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ നിരസിച്ച നടപടി പുനപരിശോധിച്ച് 33 ലക്ഷം രൂപ 8% പലിശസഹിതം നൽകാൻ മാക്സ് ബൂപാ ഹെൽത്ത് ഇൻഷുറൻസ് കമ്പനിയോട് നിർദ്ദേശിച്ച് എറണാകുളം സ്ഥിരം ലോക് അദാലത്ത് ഉത്തരവായി. അങ്കമാലി മേക്കാട് അരീക്കൽ പോളി ഏലിയാസ് സമർപ്പിച്ച ഹർജി അനുവദിച്ചുകൊണ്ടാണ് ഡോ. സലീന വി. ജി നായർ ചെയർപേഴ്സണും, ഷാനവാസ് ടി.കെ അംഗവുമായുള്ള അദാലത്തിന്റെ ഉത്തരവ്.

സ്വകാര്യ ബാങ്കിൽ നിന്നും എടുത്ത ഭവന വായ്പക്ക് ഉറപ്പിനായി ബാങ്ക് ഏർപ്പെടുത്തിയതായിരുന്നു ഇൻഷുറൻസ് പരിരക്ഷ. വായപക്കാർക്ക് ഗുരുതര രോഗം ഉണ്ടായാൽ പരിരക്ഷ ഉറപ്പാക്കുന്നതാണ് പോളിസിയുടെ ഉദ്ദേശലക്ഷ്യം. ഹൃദ്രോഗബാധയെ തുടർന്ന് ചികിത്സയ്ക്ക് വിധേയനായ ഹർജിക്കാരൻ സമർപ്പിച്ച ക്ലെയിം അപേക്ഷ പോളിസി എടുക്കുന്നതിന് മുമ്പു തന്നെ ഹർജിക്കാരന് അധിക കൊളസ്ട്രോൾ ഉണ്ടായിരുന്നുവെന്നും പ്രസ്തുത സംഗതി പ്രപ്പോസൽ ഫോമിൽ മറച്ചുവച്ചെന്നാരോപിച്ചാണ് ക്ലെയിം നിരസിച്ചത്.

എന്നാൽ പ്രപ്പോസൽ ഫോമിൽ കൊളസ്ട്രോൾ സംബന്ധമായ ചോദ്യാവലി ഉണ്ടായിരുന്നില്ലെന്നും അതിനാൽ ഇൻഷുറൻസ് കമ്പനിയുടെ വാദം നിലനിർക്കതക്കതല്ലെന്നുള്ള ഹർജിക്കാരന്റെ വാദം അംഗീകരിച്ച കോടതി ക്ലെയിം നിരസിച്ച നടപടി കമ്പനിയുടെ ഭാഗത്തുനിന്നുള്ള സേവന പോരായ്മയാണെന്ന് നിരീക്ഷിച്ചു. ഹർജിക്കാരനു വേണ്ടി അഡ്വ. ടോം ജോസ് ഹാജരായി.

# മുല്ലശ്ശേരി കനാൽ നവീകരണം : അഞ്ച് മാസത്തിനുള്ളിൽ പൂർത്തീകരിക്കണം

**കൊച്ചി:** ഓപ്പറേഷൻ ബ്രേക്ക് ത്രൂ പദ്ധതിയുടെ ഭാഗമായുള്ള മുല്ലശ്ശേരി കനാൽ നവീകരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കണമെന്ന് ജില്ലാ കളക്ടർ ജി. പ്രിയങ്ക . പദ്ധതിയുടെ പുരോഗതി വിലയിരുത്താൻ കളക്ടറുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് ഉദ്യോഗസ്ഥർക്ക് നിർദേശം നൽകിയത്. മുല്ലശ്ശേരി കനാലുമായി ബന്ധപ്പെട്ട് 175 മീറ്റർ ഭാഗത്താണ് നവീകരണ പ്രവർത്തനങ്ങൾ ശേഷിക്കുന്നത്. ചിറ്റൂർ റോഡ് മുതൽ എം.ജി റോഡ് വരെ, എം.ജി റോഡ് ക്രോസിംഗ്, ടി.ഡി റോഡ് എന്നിങ്ങനെ മൂന്ന് സ്ട്രെച്ചുകളിലായാണ് പ്രവർത്തനങ്ങൾ ബാക്കിയുള്ളത്.

മെയ് മാസത്തിനുള്ളിൽ നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. നിർമ്മാണ വേഗത വർദ്ധിപ്പിക്കുന്നതിനായി പരമ്പരാഗത രീതിക്ക് പകരം പ്രീകാസ്റ്റ് സാങ്കേതികവിദ്യ ഉപയോഗിക്കും. നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ടെൻഡർ നടപടികൾ പൂർത്തിയാക്കുന്നതിനൊപ്പം യൂട്ടിലിറ്റി ഷിഫ്റ്റിംഗിനുള്ള നടപടികൾ സമാന്തരമായി മുന്നോട്ട് കൊുപോകണം.

സൈറ്റ് നിർമ്മാണ ഏജൻസിക്ക് കൈമാറുന്ന സമയത്ത് തടസ്സങ്ങൾ പൂർണ്ണമായും നീക്കിയിരിക്കണം. പദ്ധതി പ്രദേശത്തെ തടസ്സങ്ങൾ നേരിട്ട് വിലയിരുത്താൻ ബി.എസ്.എൻ.എൽ, വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി എന്നീ വകുപ്പുകളിൽ നിന്ന് ബന്ധപ്പെട്ടവർ സ്ഥലം സന്ദർശിച്ച് അടിയന്തര നടപടികൾ സ്വീകരിക്കാനും യോഗത്തിൽ നിർദേശം നൽകി.

സൊസൈറ്റി ടുഡേ
SOCIETY TODAY

# എസ്. ഐ. ആർ: കരട് പട്ടികയിൽ നിന്ന് 3,22,422 പേർ പുറത്ത്



**കൊച്ചി:** തീവ്ര വോട്ടർപട്ടിക പരിഷ്കരണത്തിന് (എസ്. ഐ. ആർ) ശേഷമുള്ള എറണാകുളം ജില്ലയിലെ കരട് വോട്ടർ പട്ടികയിൽ ഉള്ളത് 23,30643 പേർ. ഒക്ടോബർ 27ന് പ്രസിദ്ധീകരിച്ച പട്ടികയിൽ നിന്ന് 3,22,422 പേരെ എസ്.ഐ.ആറിനു ശേഷം പുറത്തുവന്ന കരട് പട്ടികയിൽനിന്ന് വിവിധ കാരണങ്ങളാൽ ഒഴിവാക്കി. കരടുപട്ടികയിലില്ലാത്ത അർഹതയുള്ളവർക്ക് വോട്ടവകാശം നഷ്ടമാകില്ലെന്ന് ജില്ലാ കളക്ടർ വാർത്താസമ്മേളനത്തിൽ വ്യക്തമാക്കി.

ഒഴിവാക്കപ്പെട്ടവർക്ക് ജനുവരി 22 വരെ ആക്ഷേപങ്ങളും പരാതികളും നൽകാൻ അവസരമുണ്ടെന്നും അവർക്ക് ഫോം 6 നൽകി അന്തിമ വോട്ടർ പട്ടികയിലേക്ക് പേര് ചേർക്കാവുന്നതാണെന്നും കളക്ടർ പറഞ്ഞു. അന്തിമ വോട്ടർ പട്ടിക ഫെബ്രുവരി 21 ന് പ്രസിദ്ധീകരിക്കും. വോട്ട് ജനങ്ങളുടെ അടിസ്ഥാന അവകാശമാണ്. അർഹതപ്പെട്ട എല്ലാവരേയും വോട്ടർ പട്ടികയിൽ ഉൾപ്പെടുത്താനാണ് ജില്ലാ ഭരണകൂടം ശ്രമിക്കുന്നത്. കരട് പട്ടികയിൽ ഉൾപ്പെട്ട 206,061 പേരെ 2002 എസ്.ഐ.ആർ പട്ടികയുമായി ബന്ധിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. ഇവർക്കുവേണ്ടി ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ (ഇ.ആർ. ഒ) പ്രത്യേക ഹിയറിങ്ങുകൾ നടത്തുമെന്നും കളക്ടർ പറഞ്ഞു.

എസ്.ഐ.ആർ വിജയകരമായി പൂർത്തിയാക്കുന്നതിൽ നിർണ്ണായക പങ്കുവഹിച്ച ബൂത്ത് ലെവൽ ഓഫീസർമാരെയും (ബി.എൽ.ഒ), ബി.എൽ. ഒ സൂപ്പർവൈസർമാരെയും മറ്റ് ഉദ്യോഗസ്ഥരേയും കളക്ടർ അഭിനന്ദിച്ചു. സബ് കളക്ടർ ഗ്രന്ഥേ സായി കൃഷ്ണ, ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർ സുനിൽ മാത്യു, ഡെപ്യൂട്ടി കളക്ടർമാർ എന്നിവർ വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

# കൊച്ചിൻ ഫ്ളവർ ഷോ ഇന്ന് മുതൽ

**കൊച്ചി:** ജില്ലാ അഗ്രിഹോർട്ടികൾച്ചർ സൊസൈറ്റി സംഘടിപ്പിക്കുന്ന 42ാമത് കൊച്ചിൻ ഫ്ളവർ ഷോ ഇന്ന് മുതൽ ജനുവരി 4 വരെ എറണാകുളം മറൈൻ ഡ്രൈവിൽ നടക്കും. ജില്ലാ കളക്ടർ ജി. പ്രിയങ്ക പ്രസിഡന്റ് ആയിട്ടുള്ള കൊച്ചിൻ ഫ്ളവർ ഷോ സൗത്ത് ഇന്ത്യയിലെ തന്നെ ഏറ്റവും വലിയ പുഷ്പമേളയാണ്. 50000 ചതുരശ്രഅടി വിസ്തീർണത്തിലാണ് പ്രദർശനം ഒരുക്കുന്നത്.

അയ്യായിരത്തിലേറെ ഓർക്കിഡുകൾ, ആയിരത്തിൽ അധികം അഡീനിയം, മിനി ആന്തൂറിയം, റോസ് ചെടികൾ, ശീതോഷ്ണ കാലാവസ്ഥയിൽ മാത്രം വളരുന്ന ഓറിയന്റൽ ലില്ലി, കൂടാതെ മാരിഗോൾഡ്, ഡാലിയ, സീനിയ, ക്രിസാന്തിമം ഉൾപ്പടെയുള്ള നാല്പതിനായിരത്തോളം പൂച്ചെടികൾ, മൂൺ കാക്ടസ്, പലതരം ബ്രൊമിലിയാഡ് ചെടികൾ എല്ലാം പ്രദർശനത്തിൽ ഉണ്ടാകും. വെജിറ്റബിൾ കാർവിങ്, പുഷ്പാലങ്കാരങ്ങൾ, അലങ്കാര കള്ളി ചെടികൾ കൊണ്ട് നവീന രീതിയിലുള്ള വെർട്ടിക്കൽ ഗാർഡൻ, മാതൃക പൂന്തോട്ടം, ടോപിയറി മരങ്ങൾ, നൂതന മാതൃകയിലുള്ള ബോൺസായ് ചെടികൾ, അലങ്കാരകുളം, വെള്ളച്ചാട്ടി, അലങ്കാര മൽസ്യങ്ങളുള്ള അരുവി എന്നിവയും പ്രദർശനത്തിന്റെ ഭാഗമാകും.

ഉദ്യാനച്ചെടികളുടെ വിപണനത്തിനായി ബാംഗ്ലൂരിൽ നിന്നുമുള്ള ഇൻഡോ അമേരിക്കൻ നഴ്സറി ഉൾപ്പടെ നഴ്സറികളുടെ നീ നിര തന്നെയുണ്ട്. സന്ദർശകരുടെ ഉദ്യാന സംബന്ധിയായ സംശയനിവാരണത്തിനായി സംസ്ഥാന കൃഷി വകുപ്പിന്റെ 'അഗ്രി ക്ലിനിക്' പ്രദർശന നഗരിയിൽ ഉണ്ടാകും.സന്ദർശകർക്കായി പുഷ്പാലങ്കാരം, വെജിറ്റബിൾ കാർവിങ്, ടെറേറിയം തുടങ്ങിയ വിഷയങ്ങളെ ആധാരമാക്കി സൗജന്യ ശിൽപ്പശാലകളും ഫ്ളവർ ഷോ ഗ്രൗണ്ടിൽ ഒരുക്കിയിട്ടുണ്ട്.

# കായൽ യാത്രയും കയാക്കിംഗും ഒപ്പം നാടൻ രുചിയും; അവധിക്കാലം ആഘോഷിക്കാൻ പള്ളിയാക്കൽ ഫെസ്റ്റ്

**കൊച്ചി:** പള്ളിയാക്കൽ സർവീസ് സഹകരണ ബാങ്കും ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലും സംയുക്തമായി സംഘടിപ്പിക്കുന്ന 'മത്സ്യകാഴ്ച പാഡി 2025' ടൂറിസം ഫെസ്റ്റിന് ചാത്തനാട് ഫിഷ്ലാൻഡിംഗ് സെന്ററിൽ വർണ്ണാഭമായ തുടക്കം. ഡിസംബർ 31 വരെ നീണ്ടുനിൽക്കുന്ന മേളയിൽ ഏഴിക്കരയുടെ തനത് രുചിഭേദങ്ങളും കായൽ യാത്രകളും കാർഷിക വിപണിയും ഒരുമിക്കുന്നു. എറണാകുളം ഡി.ടി.പി.സി സെക്രട്ടറി ലിജോ ജോസഫ് മേളയുടെ ഉദ്ഘാടനം നിർവഹിച്ചു.

40 ഓളം കർഷക കൂട്ടായ്മകളിൽ നിന്നും സമാഹരിച്ച മത്സ്യങ്ങളാണ് മേളയുടെ പ്രധാന ആകർഷണം. മീൻ കൊയ്ത്ത് നടത്തി പിടിക്കുന്ന ജീവനുള്ള മത്സ്യങ്ങൾ ആവശ്യാനുസരണം തിരഞ്ഞെടുക്കാനും, അവ അവിടെത്തന്നെ വൃത്തിയാക്കി കഷണങ്ങളാക്കി ലഭിക്കുന്നതിനുമുള്ള സൗകര്യം ചാത്തനാട് ഫിഷ്ലാൻഡിംഗ് സെന്ററിൽ ഒരുക്കിയിട്ടുണ്ട്.

ഇതിനുപുറമെ ബാങ്കിന്റെ 'കൈതകം' ബ്രാൻഡിലുള്ള പൊക്കാളി അരി ഉൽപ്പന്നങ്ങൾ, സ്വാശ്രയ സംഘങ്ങളുടെ കാർഷിക ഉൽപ്പന്നങ്ങൾ, പാൽ, മുട്ട, പഴങ്ങൾ, പച്ചക്കറികൾ, ഗ്രീൻ ഹൗസ് കാർഷിക ഉപകരണങ്ങൾ എന്നിവയുടെ വിപുലമായ പ്രദർശന വിപണിയും മേളയിലുണ്ട്.

## ഇന്ത്യൻ കൾച്ചറൽ കോൺഗ്രസ് മഹാരാജാസ് കോളജിലെ പുസ്തകമേള ഇന്ന് സമാപിക്കും

**കൊച്ചി :** അക്ഷരങ്ങളെ സ്നേഹിക്കുന്ന കൊച്ചിക്കാർക്ക് വൈജ്ഞാനിക ശേഖരം സ്വന്തമാക്കാൻ പുസ്തക പ്രസാധകർ ഇനി ഒരു ദിവസം കൂടി എറണാകുളം മഹാരാജാസ് കോളേജിൽ ഉണ്ടാകും. ഇന്ത്യൻ കൾച്ചറൽ കോൺഗ്രസിന്റെ ഭാഗമായി മഹാരാജാസ് കോളേജിൽ ഡിസംബർ 24 വരെ സംഘടിപ്പിച്ചുവരുന്ന പുസ്തകമേളയുടെ ഭാഗമായി വിവിധ പ്രസാധകരുടെ വ്യത്യസ്തങ്ങളായ ശീർഷകങ്ങളിൽ വായനക്കാർക്കായി വിലക്കിഴിവിൽ പുസ്തകങ്ങൾ വാങ്ങാനുള്ള അവസരമാണ് ഒരുക്കിയിരിക്കുന്നത്.

കേരള സർക്കാർ സാംസ്കാരിക വകുപ്പിന് കീഴിലുള്ള കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, കേരള സാഹിത്യഅക്കാദമി, സംസ്ഥാന സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്, കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, കേരള ഫോക് ലോർ അക്കാദമി എന്നിവയും കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്, മൈത്രി ബുക്സ്, ആത്മ ബുക്സ് (പുസ്തകലോകം), പ്രണത ബുക്സ്, രചന ബുക്സ്, മാതൃഭൂമി ബുക്സ്, കറന്റ് ബുക്സ് തൃശ്ശൂർ, ഫെഡറേഷൻ ഓഫ് മലയാളം ബുക്ക് പബ്ലിഷേഴ്സ്, സമത ബുക്ക്സ്, ഐറിസ് ബുക്സ് തൃശൂർ, ദ ഹിന്ദു ഗ്രൂപ്പ് പബ്ലിക്കേഷൻസ്, ഭാരതസർക്കാർ വിദ്യാഭ്യാസ മന്ത്രാലയത്തിനു കീഴിലെ നാഷണൽ ബുക്ക് ട്രസ്റ്റ് ഇന്ത്യയും ലോഗോസ് ബുക്സ്, ഒലിവ് ബുക്സ്, സദ്ഭാവന ബുക്സ്, ദേശാഭിമാനി ബുക്ക് ഹൗസ് (ദേശാഭിമാനി ബുക്സ്), ലിപി പബ്ലിക്കേഷൻസ് കോഴിക്കോട്, നാഷണൽ ബുക്ക് സ്റ്റാൾ, ബി 4 എവർ ബുക്സ് എറണാകുളം തുടങ്ങിയ പ്രസാധകരുടെ പുസ്തകങ്ങൾ മേളയിൽ ലഭ്യമാണ്. ദിവസവും രാവിലെ 9.30 മുതൽ വൈകുന്നേരം 8 മണി വരെയാണ് മേള. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടാണ് സംഘാടനം നിർവഹിക്കുന്നത്.

## വിമുക്തഭടന്മാർക്ക് ജോബ് ഫെയർ

**കൊച്ചി:** ഡയറക്റ്ററേറ്റ് ഓഫ് റീസെറ്റിൽമെന്റ് പൂനെ (സൗത്ത്) സോൺ വിമുക്തഭടന്മാർക്കായി ജോബ് ഫെയർ സംഘടിപ്പിക്കുന്നു. ജനുവരി 20 ഐ എൻ എസ് വെണ്ടുരുത്തി, കൊച്ചിയിലാണ് ജോബ് ഫെയർ നടത്തുന്നത്. തൽപ്പരരായ വിമുക്തഭടന്മാർ www.dgrindia.gov.in-job fair buttonൽ ലഭ്യമായ ലിങ്കിൽ ഓൺലൈനായി രജിസ്റ്റർ ചെയ്യേതും കൂടുതൽ വിവരങ്ങൾക്ക് സൈറ്റ് സന്ദർശിക്കേതുമാണ്.

## കാർഷിക യന്ത്രവത്ക്കരണ പദ്ധതി: ഡിസംബർ 31 മുതൽ അപേക്ഷിക്കാം

**കൊച്ചി:** കാർഷിക മേഖലയിൽ യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പിലാക്കിവരുന്ന പദ്ധതിയായ സബ് മിഷൻ ഓൺ അഗ്രിക്കൾച്ചറൽ മെക്കനൈസേഷൻ (കാർഷിക യന്ത്രവൽക്കരണ ഉപപദ്ധത) പദ്ധതിയിൻ കീഴിൽ കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും വിളവെടുപ്പാനന്തര, വിള സംസ്കരണ, മൂല്യ വർദ്ധിത പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഉപകരണങ്ങളും യന്ത്രങ്ങളും സബ്സിഡിയോടെ നൽകുന്നു.

വ്യക്തിഗത ഗുണഭോക്താക്കൾക്ക് 40% മുതൽ 50% വരെയും കർഷകരുടെ കൂട്ടായ്മകൾ, ഫാർമർ പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷനുകൾ , വ്യക്തികൾ, പഞ്ചായത്തുകൾ തുടങ്ങിയവയ്ക്ക് കാർഷി യന്ത്രങ്ങളുടെ വാടക കേന്ദ്രങ്ങൾ (കസ്റ്റം ഹയറിംഗ് സെന്ററുകൾ) സ്ഥാപിക്കുന്നതിന് പദ്ധതി തുകയുടെ 40% സാമ്പത്തിക സഹായവും യന്ത്രവൽക്കരണ തോത് കുറവായ പ്രദേശങ്ങളിൽ യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിന് ഫാം മെഷിനറി ബാങ്കുകൾ സ്ഥാപിക്കുന്നതിന് കർഷക ഗ്രൂപ്പുകൾക്ക് 30 ലക്ഷം രൂപ വരെയുള്ള പദ്ധതിക്ക് പരമാവധി 80% എന്ന നിരക്കിൽ 24 ലക്ഷം രൂപ വരെയും സാമ്പത്തിക സഹായം നൽകും.

കൂടാതെ എഫ്.ആർ.എ പട്ടയമുള്ള ഗുണഭോക്താക്കൾക്ക് എല്ലാ കാറ്റഗറികളിലും 90% വരെ ആനുകൂല്യങ്ങൾ ലഭ്യമാകും. 2025-26 സാമ്പത്തിക വർഷത്തെ അപേക്ഷകൾ ഓൺലൈനായി ഡിസംബർ 31 മുതൽ http://agrimachinery.nic.in/index എന്ന വെബ്സൈറ്റ് മുഖേന നൽകാവുന്നതാണ്. കൂടുതൽ വിവരങ്ങൾ എറണാകുളം കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ഓഫീസ്, കൃഷിഭവനുകൾ എന്നിവിടങ്ങളിൽ നിന്നും അറിയാം. (ഇ-മെയിൽ:aeeagriekm@gmail.com) (ഫോൺ: 0484-2422974, 9496246073, 9847529216, 9947528121)

## സൗജന്യ പി.എസ്.സി പരിശീലനം

**കൊച്ചി:** ആലുവ ബാങ്ക് ജംഗ്ഷനിൽ പ്രവർത്തിക്കുന്ന ന്യൂനപക്ഷ യുവജനതയ്ക്കായുള്ള പരിശീലന കേന്ദ്രത്തിൽ ജനുവരി 15 മുതൽ ആരംഭിക്കുന്ന പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചു. താൽപ്പര്യമുള്ളവർ ജനുവരി 9ന് മുൻപായി അപേക്ഷ സമർപ്പിക്കണം. യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ പകർപ്പ്, ആധാർ കാർഡിന്റെ പകർപ്പ്, രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ സഹിതം ആലുവയിലുള്ള പരിശീലന കേന്ദ്രത്തിൽ നേരിട്ടെത്തി പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ഓഹരികൾ ശക്തമാകും ; സ്വർണം തിളക്കം സൂക്ഷിക്കും




**കൊച്ചി:** ആഗോള അസ്ഥിരത തുടരുമ്പോഴും ഇന്ത്യൻ കമ്പനികളുടെ ഓഹരികൾക്കും കമ്മോഡിറ്റികൾക്കും മെച്ചപ്പെട്ട ഭാവി പ്രവചിച്ച് കൊട്ടക് സെക്യൂരിറ്റീസിന്റെ മാർക്കറ്റ് ഔട്ട്ലുക്ക് 2026 പ്രസിദ്ധീകരിച്ചു. വരും വർഷത്തേയ്ക്കുള്ള പൊതുട്രെൻഡുകൾ, കമ്മോഡിറ്റി പ്രവചനങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്നതാണ് റിപ്പോർട്ട്. മെച്ചപ്പട്ട വരുമാന വളർച്ചയും മികച്ച നയങ്ങളും മൂലം ഇക്വിറ്റി വിപണി കുതിപ്പു കാണിക്കുമെന്നും സ്വർണം സുരക്ഷിതമായ നിക്ഷേപോപാധിയായി തുടരുമെന്നുമാണ് റിപ്പോർട്ട് പറയുന്നതെന്ന് കൊട്ടക് സെക്യൂരിറ്റീസ് എംഡിയും സിഇഒയുമായ ശ്രീപാൽ ഷാ പറഞ്ഞു.

പുതുതലമുറ നിക്ഷേപകർ വൻതോതിൽ കടന്നുവരുന്നതും വിപണിക്കും സമ്പദ് സൃഷ്ടിക്കും കരുത്തേകുമെന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യൻ ഓഹരികൾ പൊതുവിൽ 2024 സെപ്തംബറിനെ അപേക്ഷിച്ച് 17% ഇടിവു കാട്ടിയെങ്കിലും 2025 കലണ്ടർ വർഷത്തിൽ നിഫ്റ്റി 50 എക്കാലത്തെയും കൂടിയ ഉയരത്തിലെത്തി. ലാർജ് ക്യാപുകൾ വൻതോതിൽ വളർന്നപ്പോൾ മിഡ്, സ്മോൾ ക്യാപുകൾ പിന്നിലായി. ഓട്ടോ, ബാങ്ക്, ലോഹ ഓഹരികൾ കുതിച്ചു, ഐടി, എഫ്എംസിജി ദുർബലമായി. വിദേശ പോർട്ഫോളിയോ നിക്ഷേപകർ പിൻവലിഞ്ഞപ്പോൾ തദ്ദേശ നിക്ഷേപകരുടെ പിന്തുണ അതിന് ബദലായി. ഐപിഒ വിപണി ഉഷാറായതും ശ്രദ്ധേയമാണ്.

ബിഎഫ്എസ്ഐ, ടെക്നോളജി, ഹെൽത്ത്കെയർ, ഹോസ്പിറ്റാലിറ്റി എന്നീ മേഖലകൾക്കാണ് 2026 കലണ്ടർ വർഷം മികച്ച വളർച്ച പ്രതീക്ഷിക്കുന്നത്.

# ടിവിഎസ് അപ്പാച്ചെ ആർടിഎക്സിന് പുരസ്കാരം



**കൊച്ചി:** ടിവിഎസ് മോട്ടോർ കമ്പനിയുടെ പുത്തൻ അഡ്വഞ്ചർ റാലി ടൂറർ മോഡലായ ടിവിഎസ് അപ്പാച്ചെ ആർടിഎക്സ് രാജ്യത്തെ ഏറ്റവും അഭിമാനകരമായ 2026 ഇന്ത്യൻ മോട്ടോർസൈക്കിൾ ഓഫ് ദി ഇയർ പുരസ്കാരം സ്വന്തമാക്കി. പ്രമുഖ ഓട്ടോമൊബൈൽ ജേർണലിസ്റ്റുകൾ അടങ്ങുന്ന 27 അംഗ ജൂറിയാണ് പുരസ്കാര വിജയിയെ തിരഞ്ഞെടുത്തത്. വിവിധ വിഭാഗങ്ങളിലായി നാമനിർദേശം ചെയ്യപ്പെട്ട ഏഴ് മികച്ച മോട്ടോർസൈക്കിളുകളെ പിന്തള്ളിയാണ് അപ്പാച്ചെ ആർടിഎക്സ് ഈ നേട്ടം കൈവരിച്ചത്.

നവീകരണം, പ്രകടനം, ഉപഭോക്തൃ കേന്ദ്രീകൃതമായ എഞ്ചിനീയറിങ് എന്നിവയിൽ ടിവിഎസ് മോട്ടോർ കമ്പനിക്കുള്ള നേതൃപാടവത്തെ കൂടി ഈ പുരസ്കാരം അടിവരയിടുന്നു. ആർടിഎക്സ്ഡി4 പ്ലാറ്റ്ഫോമിലാണ് ടിവിഎസ് അപ്പാച്ചെ ആർടിഎക്സ് നിർമിച്ചിരിക്കുന്നത്. 299.1 സിസി ലിക്വിഡ് കൂൾഡ് എഞ്ചിനാണ് കരുത്ത്. ഇത് 36 പിഎസ് പവറും 28.5 എൻഎം ടോർക്കും ഉത്പാദിപ്പിക്കും. 5 ഇഞ്ച് ടിഎഫ്ടി ഡിസ്പ്ലേ, ക്രൂയിസ് കൺട്രോൾ, ക്വിക്ക് ഷിഫ്റ്റർ, വിവിധ റൈഡിങ് മോഡുകൾ എന്നിവ പ്രത്യേകതകളാണ്. ഓഫ്റോഡ് യാത്രകൾക്കും ഹൈവേ യാത്രകൾക്കും ഒരുപോലെ അനുയോജ്യമായ ടിവിഎസ് അപ്പാച്ചെ ആർടിഎക്സ് 2025 ഒക്ടോബറിലാണ് വിപണിയിൽ അവതരിപ്പിച്ചത്.

ടിവിഎസ് അപ്പാച്ചെ ബ്രാൻഡ് അതിന്റെ 20ാം വാർഷികം ആഘോഷിക്കുന്ന വേളയിലാണ് ഈ നേട്ടം എന്നതും ശ്രദ്ധേയമാണ്. 2026ലെ ജെകെ ടയർ ഇന്ത്യൻ മോട്ടോർ സൈക്കിൾ ഓഫ് ദി ഇയർ പുരസ്കാരം ലഭിച്ചത് വലിയൊരു അംഗീകാരമാണെന്നും, ലോകോത്തര മോട്ടോർസൈക്കിളുകൾ ഇന്ത്യയിൽ നിർമിക്കാമെന്നും അവ ആഗോളതലത്തിൽ മികച്ചവയോട് മത്സരിക്കാൻ പ്രാപ്തമാണെന്നുമുള്ള തങ്ങളുടെ വിശ്വാസത്തെ ഇത് ദൃഢമാക്കുന്നുവെന്നും ടിവിഎസ് മോട്ടോർ കമ്പനി പ്രീമിയം ബിസിനസ് ഹെഡ് വിമൽ സംബ്ലി പറഞ്ഞു.

## 2025 ൽ മികച്ച വളർച്ച നേടി ഉജ്ജീവൻ സ്മോൾ ഫിനാൻസ്

**കൊച്ചി:** ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്ക് 2025 ൽ മികച്ച വളർച്ച കൈവരിച്ചതായി ജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്കിന്റെ ചീഫ് ഫിനാൻഷ്യൽ ഓഫിസർ സദാനന്ദ് ബാലകൃഷ്ണ കമ്മത്ത് ചൂണ്ടിക്കാട്ടി. നവീനമായ വികസനത്തിലൂടെ സുരക്ഷിതമായ വായ്പകൾ, സുസ്ഥിരമായ നിക്ഷേപ ശേഖരണം, ഡിജിറ്റൽ, പ്രവർത്തന കഴിവുകൾ മെച്ചപ്പെടുത്തൽ എന്നിവയിലൂടെ ബാങ്ക് വിപുലമായ വളർച്ചയാണ് കാഴ്ച വെച്ചത്. താങ്ങാനാവുന്ന ഭവന വായ്പകൾ, മൈക്രോ മോർട്ട്ഗേജുകൾ, എംഎസ്എംഇ, സ്വർണ പണയം, വാഹന വായ്പകൾ, കാർഷിക ബാങ്കിങ് തുടങ്ങിയ സുരക്ഷിത വിഭാഗങ്ങളിൽ സുസ്ഥിരമായ വളർച്ചയാണ് ദൃശ്യമായത്. വിതരണ വിഭാഗത്തിലെ ശക്തി വർധിപ്പിക്കൽ, വളർന്നു വരുന്ന വിപണികളിലേക്കുള്ള ആഴത്തിലെ കടന്നു ചെല്ലൽ തുടങ്ങിയവയുടെ പിന്തുണയും ഇതിനു ലഭിച്ചു. വിവിധ വിഭാഗങ്ങളിൽ പരസ്പര സഹായത്തോടയുള്ള വിൽപന, മെച്ചപ്പെടുത്തിയ ഉപഭോക്തൃ വിഭാഗങ്ങൾ തുടങ്ങിയവ ആസ്തികളെ മെച്ചപ്പെടുത്തി. ഗുണമേൻമയും സുസ്ഥിരതയും വളർച്ചയുടെ പ്രേരക ശക്തിയാക്കിയാണ് ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്ക് വളർച്ച തുടർന്നത്. ചെറുകിയ നിക്ഷേപങ്ങളിലെ വളർച്ചയ്ക്ക് ഒപ്പം ശക്തമായ കാസ ശേഖരണം, റീട്ടെയിൽ ടേം നിക്ഷേപങ്ങളിലെ ഉയർച്ച, ബാങ്കിൻറെ ലിക്വിഡിറ്റി സ്ഥിരത, ഉപഭോക്താക്കളെ നേടിയെടുക്കാനുള്ള നീക്കങ്ങൾ, ശാഖകളുടെ മെച്ചപ്പെടുത്തിയ ഉൽപാദന ക്ഷമത, ലളിതമായ ഡിജിറ്റൽ സേവനങ്ങളുടെ അവതരണം എന്നിവയും നിക്ഷേപ മേഖലയെ കൂടുതൽ ശക്തമാക്കിയതായും സദാനന്ദ് ബാലകൃഷ്ണ കമ്മത്ത് ചൂണ്ടിക്കാട്ടി.

## എസ്.എസ്.ഐ മന്ത്ര പ്രീമാർക്കറ്റ് വിജ്ഞാപനം സമർപ്പിച്ചു

**കൊച്ചി:** രാജ്യത്തെ തദ്ദേശീയ സർജിക്കൽ റോബോട്ടിക്സ് രംഗത്തെ അതികായരായ എസ്എസ് ഇന്നവേഷൻസ് ഇന്റർനാഷണൽ ഇൻകോർപ്പറേറ്റഡ് നെക്സ്റ്റ് ജനറേഷൻ എസ്എസ്ഐ മന്ത്ര സർജിക്കൽ റോബോട്ടിക് സിസ്റ്റത്തിനായി യുഎസ് ഫുഡ് ആൻഡ് ഡ്രഗ് അഡ്മിനിസ്ട്രേഷന് (എഫ്ഡിഎ) 510(കെ) മുന്നിൽ പ്രീമാർക്കറ്റ് വിജ്ഞാപനം സമർപ്പിച്ചു. ഡിസംബർ 5ന് പൂർത്തിയായ സമർപ്പണത്തിൽ ജനറൽ, യൂറോളജിക്കൽ, കൊളോറെക്ടൽ, ഗൈനക്കോളജിക്കൽ, കാർഡിയാക് നടപടിക്രമങ്ങൾ ഉൾപ്പെടെ വിവിധ ശസ്ത്രക്രിയാ സ്പെഷ്യാലിറ്റികളെ ഉൾക്കൊള്ളുന്നു. ഇന്ത്യയിൽ വികസിപ്പിച്ചെടുത്ത സർജിക്കൽ റോബോട്ടിക് പ്ലാറ്റ്ഫോം ഇതുവരെ ഏറ്റെടുത്തിട്ടുള്ളതിൽ വച്ച് ഏറ്റവും പ്രധാനപ്പെട്ട ആഗോള നിയന്ത്രണ നടപടികളിലൊന്നാണ് ഈ നീക്കമെന്ന് കമ്പനി വ്യക്തമാക്കുന്നു. അന്താരാഷ്ട്ര കമ്പനികൾ വളരെക്കാലമായി ആധിപത്യം പുലർത്തുന്ന മേഖലയിൽ ഇന്ത്യയുടെ സ്ഥാനം ഇതിലൂടെ ഉറപ്പിക്കുന്നതായി എസ്എസ് ഇന്നവേഷൻ സ്ഥാപകനും ചെയർമാനും സിഇഒയുമായ ഡോ. സുധീർ ശ്രീവാസ്തവ പറഞ്ഞു.

## ഐസിഐസിഐ പ്രു സെക്ടർ ലീഡേഴ്സ് ഇൻഡക്സ് ഫണ്ട് അവതരിപ്പിച്ചു

**കൊച്ചി:** ഐസിഐസിഐ പ്രുഡെൻഷ്യൽ ലൈഫ് ഇൻഷുറൻസ് കമ്പനി ഇന്ത്യൻ സമ്പദ്ഘടനയിലെ ഇരുപതു മുഖ്യ വിഭാഗങ്ങളിലുള്ള മുൻനിര കമ്പനികളിൽ നിക്ഷേപിക്കുന്ന ഐസിഐസിഐ പ്രു സെക്ടർ ലീഡേഴ്സ് ഇൻഡക്സ് ഫണ്ട് അവതരിപ്പിച്ചു. യൂണിറ്റ് ലിങ്ക്ഡ് ഇൻഷുറൻസ് പ്ലാൻ വിഭാഗത്തിൽപ്പെടുന്ന ഈ പദ്ധതിയിലൂടെ നിക്ഷേപകർക്ക് ദീർഘകാലത്തിൽ സമ്പത്ത് സൃഷ്ടിക്കാനുള്ള അവസരമാണ് കമ്പനി ലഭ്യമാക്കുന്നത്. വ്യക്തിഗത ഓഹരികൾ തെരഞ്ഞെടുക്കാതെ തന്നെ വിപണിയിലെ മുൻനിര കമ്പനികളുടെ നേട്ടങ്ങളിൽ പങ്കാളികളാകാൻ ഇത് നിക്ഷേപകർക്ക് അവസരം നല്കും. പദ്ധതിയുടെ നിക്ഷേപത്തിന്റെ 95 മുതൽ 100 ശതമാനം വരെ ആസ്തികൾ ഓഹരികളിലാവും വകയിരുത്തുക. അഞ്ചു ശതമാനം വരെ ഡെറ്റ്, മണി മാർക്കറ്റ് പദ്ധതികളിലും നിക്ഷേപിക്കും. ആയിരം രൂപയാണ് കുറഞ്ഞ നിക്ഷേപം. ഇന്ത്യയിലെ ദീർഘകാല വളർച്ച സാധ്യതകളെ പ്രയോജനപ്പെടുത്തി ലളിതവും ഫലപ്രദവുമായ രീതിയിൽ സമ്പത്ത് വളർത്തിയെടുക്കാനുള്ള അവസരമാണ് ഐസിഐസിഐ പ്രൂഡെൻഷ്യൽ സെക്ടർ ലീഡേഴ്സ് ഇൻഡക്സ് ഫണ്ട് ലഭ്യമാക്കുന്നതെന്ന് ഇതേക്കുറിച്ചു സംസാരിക്കവെ ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് കമ്പനി ചീഫ് ഇൻവെസ്റ്റ്മെന്റ് ഓഫിസർ മനീഷ് കുമാർ പറഞ്ഞു.

# ടാറ്റ എഐഎ മൾട്ടികാപ് ഓപ്പർച്ചുനിറ്റീസ് ഫണ്ട് അവതരിപ്പിച്ചു

**കൊച്ചി:** ടാറ്റ എഐഎ ലൈഫ് ഇൻഷുറൻസ് കമ്പനി വിപണി അനുബന്ധ വളർച്ചയും ലൈഫ് കവറും നൽകുന്ന ടാറ്റ എഐഎ മൾട്ടികാപ് ഓപ്പർച്ചുനിറ്റീസ് ഫണ്ടും ടാറ്റ എഐഎ മൾട്ടികാപ് ഓപ്പർച്ചുനിറ്റീസ് പെൻഷൻ ഫണ്ടും അവതരിപ്പിച്ചു. റിസ്ക് കുറച്ചുകൊണ്ട് വളർച്ചയിൽ പങ്കാളികളാകാൻ നിക്ഷേപകരെ സഹായിക്കുന്നവയാണ് ഈ ഫണ്ടുകൾ. വിവിധ മാർക്കറ്റ് സെഗ്മെൻറുകളിലേക്ക് പ്രവേശിക്കുന്നതിലൂടെ, നിക്ഷേപകർക്ക് ഒന്നിലധികം മേഖലകളിലൂടെയുള്ള ദീർഘകാല വളർച്ചയിൽ നിന്ന് പ്രയോജനം നേടാനും വിപണി അസ്ഥിരതയിലകപ്പെടാനുള്ള സാധ്യത കുറയ്ക്കാനും സാധിക്കുന്നു. രണ്ട് ഫണ്ടുകളും 2025 ഡിസംബർ 24 മുതൽ 2025 ഡിസംബർ 31 വരെയുള്ള ന്യൂ ഫണ്ട് ഓഫർ (എൻഎഫ്ഒ) കാലയളവിൽ യൂണിറ്റിന് 10 രൂപ എന്ന പ്രാരംഭ വിലയിൽ ലഭ്യമാകും.

ടാറ്റ എഐഎയുടെ യൂണിറ്റ് ലിങ്ക്ഡ് ഇൻഷുറൻസ് പ്ലാനുകളിലൂടെ (യുഎൽഐപികൾ) ഈ ഫണ്ടുകളിലേക്ക് നിക്ഷേപകർക്ക് പ്രവേശനം ലഭിക്കും. ഇത് മാർക്കറ്റ് ലിങ്ക്ഡ് വളർച്ചയോടൊപ്പം ലൈഫ് ഇൻഷുറൻസ് കവറിന്റെ സുരക്ഷയും വാഗ്ദാനം ചെയ്യുന്നു. ലാർജ് ക്യാപ്പ് ഓഹരികളുടെ സ്ഥിരതയും മിഡ്/സ്മോൾ ക്യാപ്പ് ഓഹരികളുടെ വളർച്ചാ സാധ്യതയും സംയോജിപ്പിച്ചാണ് മൾട്ടിക്യാപ്പ് ഓപ്പർച്യുണിറ്റീസ് ഫണ്ട് രൂപകൽപ്പന ചെയ്തിരിക്കുന്നത്. ലൈഫ് കവറിനൊപ്പം ദീർഘകാല സമ്പത്ത് സൃഷ്ടിക്കാൻ ആഗ്രഹിക്കുന്നവർക്ക് ഈ പദ്ധതികൾ മികച്ച അവസരമാണ് നൽകുന്നത്. നിലവിലുള്ള നികുതി നിയമങ്ങൾ പ്രകാരം ഈ നിക്ഷേപങ്ങൾക്ക് നികുതി ആനുകൂല്യങ്ങളും ലഭിച്ചേക്കാമെന്ന് ടാറ്റ എഐഎ ലൈഫ് ഇൻഷുറൻസ് ചീഫ് ഇൻവെസ്റ്റ്മെന്റ് ഓഫീസർ ഹർഷദ് പാട്ടിൽ പറഞ്ഞു.

ഇന്ത്യയുടെ വളർച്ചാ സാധ്യതകൾ ഇപ്പോൾ എല്ലാ മേഖലകളിലും കമ്പനികളിലും വ്യാപിച്ചു കിടക്കുകയാണെന്നും നിക്ഷേപകർക്ക് ഈ വളർച്ചയുടെ ഭാഗമാകാൻ മൾട്ടിക്യാപ്പ് തന്ത്രം സഹായിക്കും.

നിഫ്റ്റി 500നെ അടിസ്ഥാനമാക്കി രൂപീകരിച്ച ഈ ഫണ്ട്, അച്ചടക്കമുള്ള നിക്ഷേപത്തിലൂടെ ദീർഘകാലാടിസ്ഥാനത്തിൽ സമ്പത്ത് വർദ്ധിപ്പിക്കാൻ പോളിസി ഉടമകളെ സഹായിക്കും. ഇത് ഞങ്ങളുടെ യുലിപ് പദ്ധതികളിലൂടെ ലഭ്യമാക്കുന്നതിലൂടെ, മാർക്കറ്റ് പങ്കാളിത്തവും ലൈഫ് കവറും സംയോജിപ്പിക്കാൻ ഉപഭോക്താക്കളെ പ്രാപ്തരാക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.

# പാലക്കാട് ജില്ലയിൽ ആയിരം ബിപിഎൽ കണക്ഷനുകൾ പൂർത്തിയാക്കി കെഫോൺ

**പാലക്കാട്:** പാലക്കാട് ജില്ലയിൽ ആയിരം ബിപിഎൽ കണക്ഷനുകൾ പൂർത്തിയാക്കി കേരള സർക്കാരിന്റെ കെഫോൺ പദ്ധതി. ജില്ലയിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 1050 കടുംബങ്ങൾക്കാണ് കെഫോൺ സൗജന്യ കണക്ഷനുകൾ നൽകിയിരിക്കുന്നത്. ബിപിഎൽ കണക്ഷനുകൾക്ക് പുറമെ വീടുകളിലും ഓഫീസുകളിലും വാണിജ്യ സ്ഥാപനങ്ങളിലുമൊക്കെയായി ജില്ലയിൽ മികച്ച രീതിയിലുള്ള മുന്നേറ്റമാണ് കെഫോൺ നടത്തുന്നത്. പാലക്കാട് ജില്ലയിൽ കെഫോൺ പദ്ധതി വഴി ഇതിനോടകം 8584 കണക്ഷനുകൾ നൽകിയിട്ടുണ്ട്. കേരളത്തിലെ ആദിവാസി മേഖലകളെ മുഴുവൻ ഡിജിറ്റലൈസ് ചെയ്യാൻ ലക്ഷ്യമിട്ട് കെഫോൺ നടത്തുന്ന കണക്ടിങ് ദി അൺ കണക്റ്റഡ് പദ്ധതിയുടെ ഭാഗമായി അട്ടപ്പാടിയിലെ 535 ഓളം കുടുംബങ്ങൾക്കും ഇന്റർനെറ്റ് ലഭ്യമാക്കിയിട്ടുണ്ട്.

കൂടാതെ ജില്ലയിലെ മലയോര മേഖലകളായ മലമ്പുഴ, കവ, ആനക്കൽ, ധോണി തുടങ്ങിയ സ്ഥലങ്ങളിലടക്കം കെഫോൺ കണക്ഷനുകൾ ലഭ്യമാണ്. പുതിയ ഗാർഹിക കണക്ഷൻ എടുക്കാൻ എന്റെ കെഫോൺ എന്ന മൊബൈൽ ആപ്പിലൂടെയോ കെഫോൺ വെബ്സൈറ്റിലൂടെയോ രജിസ്റ്റർ ചെയ്യാം. 18005704466 എന്ന ടോൾ ഫ്രീ നമ്പർ വഴിയും കണക്ഷനായി രജിസ്റ്റർ ചെയ്യാം. കെഫോൺ പ്ലാനുകളെയും ഓഫറുകളേയും കുറിച്ച് കൂടുതൽ അറിയുവാൻ കെ ഫോൺ ഔദ്യോഗിക വെബ്സൈറ്റായ https://kfon.in/ ൽ സന്ദർശിക്കുകയോ 90616 04466 എന്ന വാട്സ്ആപ്പ് നമ്പരിൽ KFON Plans എന്ന് ടൈപ്പ് ചെയ്ത് മെസേജ് ചെയ്തോ കെഫോൺ പ്ലാനുകൾ അറിയാനാവും.

# നാഗേഷ് ട്രോഫി: കേരളത്തിന് തുടർച്ചയായ രണ്ടാം ജയം

**കൊച്ചി:** കാഴ്ചപരിമിതരുടെ ദേശീയ ക്രിക്കറ്റ് ടൂർണമെന്റായ 8ാമത് നാഗേഷ് ട്രോഫി ഗ്രൂപ്പ് മത്സരത്തിൽ കേരളത്തിന് വിജയ തുടർച്ച. കർണാടകയിലെ ഹുബ്ബള്ളിയിൽ നടക്കുന്ന ഗ്രൂപ്പ് സിയിലെ രണ്ടാമത്തെ മത്സരത്തിൽ കേരളം മഹാരാഷ്ട്രയെ 9 വിക്കറ്റിനു പരാജയപ്പെടുത്തി. ടോസ് നേടി ബാറ്റിങ്ങിനിറങ്ങിയ മഹാരാഷ്ട്ര 16 ഓവറിൽ 109 റൺസ് എടുത്ത് എല്ലാവരും പുറത്തായി.



മറുപടി ബാറ്റിംഗിൽ കേരളം 10 ഓവറിൽ ഒരു വിക്കറ്റ് നഷ്ടത്തിൽ 111 റൺസെടുത്ത് വിജയിച്ചു. 48 റൺസ് നേടിയ സായന്ത് കെ.ബിയാണ് പ്ലേയർ ഓഫ് ദി മാച്ച് . 31 റൺസെടുത്ത് സ്നേഹിത് എസ് കുമാർ കേരളത്തിനു വേണ്ടി മികച്ച പ്രകടനം കാഴ്ചവച്ചു. തിങ്കളാഴ്ച നടന്ന ആദ്യ മത്സരത്തിൽ കേരളം ഹിമാചലിനെ 10 റൺസിനു പരാജയപ്പെടുത്തിയിരുന്നു. ഹിമാചലിനെതിരെ ആദ്യം ബാറ്റ് ചെയ്ത കേരളം 20 ഓവറിൽ 8 വിക്കറ്റ് നഷ്ടത്തിൽ 180 റൺസ് എടുത്തു. മറുപടി ബാറ്റിംഗിൽ ഹിമാചലിന് 19 ഓവറിൽ 10 വിക്കറ്റ് നഷ്ടത്തിൽ 170 റൺസ് എടുക്കാനെ ആയുള്ളൂ.

മികച്ച ബൗളിങ് പ്രകടനത്തിലൂടെ 3 വിക്കറ്റ് നേടി കേരളത്തിന്റെ സ്നേഹിത് എസ് കുമാർ പ്ലയെർ ഓഫ് ദി മാച്ച് അവാർഡ് സ്വന്തമാക്കി. സച്ചിൻ തുളസീധരനും ശിവകുമാർ കെയും 2 വിക്കറ്റ് വീതം നേടി. അഹദ് പി 39 റൺസും ജിബിൻ പ്രകാശ് എം.കെ 22 റൺസും കരസ്ഥമാക്കി കേരളത്തിനു വേണ്ടി മികച്ച പ്രകടനം കാഴ്ചവച്ചു. കേരളം വ്യാഴാഴ്ച രാജസ്ഥാനെ നേരിടും.

## ഇന്ത്യയിൽ വളർച്ച നേടി ലെക്സസ് എൽഎം 350എച്ച്




**കൊച്ചി :** ലെക്സസ് ഇന്ത്യയുടെ ഫ്ളാഗ്ഷിപ്പ് അൾട്രാലക്സറി എംപിവിയായ എൽഎം 350എച്ചിന് ശക്തമായ വളർച്ചാ മുന്നേറ്റം കൈവരിച്ചതായി കമ്പനി അറിയിച്ചു. 2025 നവംബറിൽ മാത്രം 40 ശതമാനം വളർച്ച രേഖപ്പെടുത്തിയ ഈ മോഡൽ, ജനുവരി മുതൽ നവംബർ വരെയുള്ള കാലയളവിൽ കഴിഞ്ഞ വർഷത്തേക്കാൾ 15 ശതമാനം സമഗ്ര വളർച്ചയാണ് നേടിയത്. യാത്രയെ വ്യക്തിഗത ഇടത്തിന്റെ വിപുലീകരണമെന്ന നിലയിൽ കാണുന്ന ഉപഭോക്താക്കളെ ലക്ഷ്യമിട്ട് രൂപകൽപ്പന ചെയ്ത എൽഎം 350എച്ച്, 'ഓമോടെനാഷി' എന്ന ലെക്സസ് തത്വചിന്തയിൽ ആധാരിതമായ ആഡംബര കാബിൻ അനുഭവമാണ് നൽകുന്നത്.

അഡ്വാൻസ്ഡ് ഹൈബ്രിഡ് സാങ്കേതികവിദ്യയിലൂടെ ശബ്ദരഹിതവും മൃദുവുമായ ഡ്രൈവിംഗും മികച്ച റിയർ സീറ്റ് സൗകര്യങ്ങളും വാഹനത്തെ പ്രത്യേകതയാക്കുന്നു. നാല് സീറ്ററും ഏഴ് സീറ്ററും ഉൾപ്പെടെയുള്ള വേരിയന്റുകളിൽ ലഭ്യമായ ഈ മോഡൽ ഹൈ നെറ്റ്‌വർത്തും അൾട്രാ ഹൈ നെറ്റ്‌വർത്തും ഉള്ള ഉപഭോക്താക്കളെയാണ് ലക്ഷ്യമിടുന്നത്. രാജ്യത്തുടനീളമുള്ള ഡൽഹി, മുംബൈ, ഹൈദരാബാദ്, ചെന്നൈ തുടങ്ങിയ നഗരങ്ങളിൽ നിന്നുള്ള സ്ഥിരമായ ആവശ്യം സ്വകാര്യ ആഡംബര മൊബിലിറ്റിയിലേക്കുള്ള വർധിച്ച അഭിരുചിയെ പ്രതിഫലിപ്പിക്കുന്നതാണെന്ന് ലെക്സസ് ഇന്ത്യ പ്രസിഡന്റ് ഹികരു ഇകെഉച്ചി പറഞ്ഞു. ലെക്സസ് ലക്സറി കെയർ, എട്ട് വർഷത്തെ വാറണ്ടി, റോഡ്സൈഡ് അസിസ്റ്റൻസ് എന്നിവയും ഉടമസ്ഥാനുഭവത്തെ ശക്തിപ്പെടുത്തുന്നു.

## പുതിയ ശ്രേണി അവതരിപ്പിച്ച് എക്സ്കോൺ



**കൊച്ചി :** എക്സ്കോൺ 2025ൽ എസ്കോർട്സ് കുബോട്ട ലിമിറ്റഡ് (ഇകെഎൽ) തന്റെ പുതിയ തലമുറ BS V മാനദണ്ഡങ്ങൾ പാലിക്കുന്ന നിർമാണ ഉപകരണ ശ്രേണി അവതരിപ്പിച്ചു. വാണിജ്യ, പ്രോട്ടോടൈപ്പ്, ആശയ ഘട്ടങ്ങളിലുള്ള കുബോട്ട യു 226, ബിഎൽഎക്സ് 75കെ, ഹൈഡ്രാ 15 മൈനിംഗ്, ഹൈഡ്രാ 72 എന്നീ മോഡലുകളാണ് പ്രദർശിപ്പിച്ചത്. ഇന്ത്യയിലെ വേഗത്തിൽ വളരുന്ന അടിസ്ഥാന സൗകര്യ മേഖലയുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനൊപ്പം, ഉയർന്ന ഉൽപാദനക്ഷമതയും ഉറപ്പാക്കുന്നതാണ് പുതിയ ശ്രേണിയുടെ ലക്ഷ്യം. എർത്ത്മൂവിംഗ് വിഭാഗത്തിൽ 2.2 ടൺ ശേഷിയുള്ള കുബോട്ട യു226 മിനി എക്സ്കവേറ്റർ വാണിജ്യമായി അവതരിപ്പിച്ചു. സീറോടെയിൽ സ്വിങ്, മെച്ചപ്പെട്ട ഹൈഡ്രോളിക് സിസ്റ്റം, സുരക്ഷാ സംവിധാനങ്ങൾ, ഓപ്പറേറ്റർ സൗഹൃദ ഡിജിറ്റൽ കൺട്രോളുകൾ എന്നിവയോടെ നഗര നിർമാണം, ബേസ്മെന്റ് ഖനനം തുടങ്ങിയ പരിമിത ഇടങ്ങളിലെ ജോലികൾക്കായി ഈ മോഡൽ അനുയോജ്യമാണ്

## പുതിയ വിന്റർ കളക്ഷനുമായി ഫാബ് ഇന്ത്യ

**കൊച്ചി:** പുതിയ വിന്റർ കളക്ഷനുമായി ഫാബ് ഇന്ത്യ. തനതായ മരം കൊള്ള അലങ്കാരം, ഗോൾഡൻ ടോൺ സർവ് വെയർ, എംബ്രോയ്ഡറി ചെയ്ത ടെക്സ്റ്റൈൽസ്, സുഖകരമായ കമ്പിളി പായകൾ, സെറാമിക് ആക്സന്റുകൾ എന്നിവ വീടുകൾക്ക് ഉത്സവഭാവം നൽകുന്നു. ഗിഫ്റ്റിംഗിനും വീടിന്റെ അലങ്കാരങ്ങൾ പുതുക്കുന്നതിനുമുള്ള മനോഹരമായ തിരഞ്ഞെടുപ്പുകളും കളക്ഷനിലുണ്ട്. കോട്ടൺസിൽക് വസ്ത്രങ്ങൾ, എംബ്രോയ്ഡറി ചെയ്ത മേലാടകൾ, വൂൾ പാന്റുകൾ, ജാക്കറ്റുകൾ, നെയ്ത ഷാളുകൾ തുടങ്ങിയ വസ്ത്രങ്ങൾ ചൂടും നിറവും ഉത്സവാന്തരീക്ഷവും ഒത്തുചേർത്ത് സുഖകരമായ വസ്ത്രധാരണത്തെ കൂടുതൽ ആസ്വാദ്യകരമാക്കുന്നുവെന്നും ചുവപ്പ്, പച്ച, മറൂൺ നിറങ്ങൾ സീസണിന്റെ ക്ലാസിക് മൂഡ് നൽകുന്നുവെന്നും അധികൃതർ വ്യക്തമാക്കി. സുഖസൗകര്യങ്ങൾ, കരകൗശല വൈദഗ്ദ്ധ്യം, സമകാലിക രൂപകൽപ്പന എന്നിവ സമന്വയിപ്പിച്ചുകൊണ്ട്, 2025ലെ ഫാബ് ഇന്ത്യയുടെ വിന്റർ ക്യൂറേഷൻ എല്ലാവരെയും അവരുടേതായ രീതിയിൽ സീസണിനെ സ്വീകരിക്കാൻ സ്വാഗതം ചെയ്യുന്നു വീട്ടിലെന്ന പോലെ പ്രധാനപ്പെട്ട നിമിഷങ്ങളിൽ സുന്ദരവും ഊഷ്മളതയും ആത്മവിശ്വാസവും തോന്നും. ഈ കളക്ഷൻ എല്ലാ സ്റ്റോറുകളിലും ഓൺലൈനിൽ www.fabindia.com ലും ലഭ്യമാണ്.

# ഉണങ്ങിയ മണ്ണിനു മുകളിലെ പ്രതീക്ഷയുടെ പുൽനാമ്പ്; ഡിനെയോ സെഷേ ബൊബാബെയുടെ 'മേമു ഭൂമി ഭൂമി'



**കൊച്ചി:** കൊച്ചിമുസിരിസ് ബിനാലെ 2025ൽ മണ്ണും സംഗീതവും സ്വപ്നങ്ങളും ഇഴചേരുന്ന വേറിട്ടൊരു ലോകത്തേക്ക് സന്ദർശകരെ ക്ഷണിക്കുകയാണ് ദക്ഷിണാഫ്രിക്കൻ കലാകാരിയായ ഡിനെയോ സെഷേ ബൊബാബെ. 'മേമു, ഭൂമി ഭൂമി' എന്ന് പേരിട്ടിരിക്കുന്ന കലാപ്രതിഷ്ഠ, ഭൂമിയും മനുഷ്യനും തമ്മിലുള്ള അറ്റുപോകാത്ത ബന്ധത്തെ ഓർമ്മിപ്പിക്കുന്നു. വെല്ലിംഗ്ടൺ ഐലന്റിലെ ഐലൻഡ് വെയർഹൗസിലാണ് ഈ കലാപ്രതിഷ്ഠ. ഈ കലാസൃഷ്ടിയുടെ പേര് തന്നെ രണ്ട് സംസ്കാരങ്ങളുടെ മനോഹരമായ സംഗമമാണ്. കലാകാരിയുടെ മാതൃഭാഷയായ സെപെഡിയിൽ നിന്നുള്ള 'മ്മേ മ്മു' എന്ന വാക്കും, സംസ്കൃതത്തിലെ ഭൂമി എന്ന വാക്കും ചേർത്താണ് ഈ പേര് നൽകിയിരിക്കുന്നത്. രണ്ടിന്റെയും അർത്ഥം ഭൂമിദേവി അഥവാ അമ്മയായ ഭൂമി എന്ന് തന്നെയാണ്. ക്ഷേത്രങ്ങളെയും ചിതൽപ്പുറ്റുകളെയും ഓർമ്മിപ്പിക്കുന്ന മൺകൂനകളാണ് ഈ കലാപ്രതിഷ്ഠയുടെ പ്രധാന ആകർഷണം. മണ്ണ് കുഴച്ചുണ്ടാക്കിയിരിക്കുന്ന ഉരുണ്ട പ്രതലമുള്ള ഒമ്പത് കൂനകളാണ് ഇവിടെയുള്ളത്. ഇതിനുള്ളിൽ പായ് വിരിച്ച് അൽപ സമയം ഇരിക്കാം. പൂർവികരെ ഓർക്കാനും സ്വപ്നം കാണാനുമുള്ള ചിന്തകളിൽ മുഴുകാനുമാണ് ഇത് നമ്മെ പ്രേരിപ്പിക്കുന്നത്. ആഫ്രിക്കൻ പാരമ്പര്യത്തിൽ 'സിയോലോ' (Seolo) എന്നറിയപ്പെടുന്ന ചിതൽപ്പുറ്റുകൾ പൂർവ്വികരുമായും ഫലഭൂയിഷ്ഠതയുമായും ബന്ധപ്പെട്ട പുണ്യ ഇടങ്ങളായാണ് കരുതപ്പെടുന്നത്. പുകാലങ്ങളിൽ മനുഷ്യർ മന:സൗഖ്യത്തിനായി സ്വപ്നം കാണാൻ തേടിയെത്തിയിരുന്ന സ്വപ്ന ക്ഷേത്രങ്ങളിൽ (Dream Temples) നിന്നും പ്രചോദനം ഉൾക്കൊണ്ടാണ് ഇതിന്റെ നിർമ്മാണം. സന്ദർശകർക്ക് ഇവിടെ വിശ്രമിക്കാനും മനസ് ശാന്തമാക്കാനും സാധിക്കും. പേര് സൂചിപ്പിക്കുന്നത് പോലെ തന്നെ പൂർണ്ണമായും മണ്ണിലാണ് ഇത് നിർമ്മിച്ചിരിക്കുന്നത്. കളിമണ്ണ്, മണ്ണ്, ചാണകം, ഉണക്കപ്പുല്ല് എന്നിവ കുഴച്ച് പ്രത്യേക ചട്ടക്കൂടുകളിൽ പതിപ്പിച്ചാണ് ഈ രൂപങ്ങൾ ഉണ്ടാക്കിയിരിക്കുന്നത്. പ്രകൃതിദത്തമായ ഈ നിർമ്മാണ രീതി സന്ദർശകർക്ക് ഭൂമിയുമായുള്ള ജൈവബന്ധം അനുഭവിക്കാൻ സഹായിക്കുന്നു. മാത്രമല്ല, മണ്ണ് കുഴച്ചതിനു മുകളിൽ ഉയർന്നു വരുന്ന പുൽനാമ്പുകൾ പ്രതീക്ഷയെയും പച്ച മനസിന്റെ ശാന്തതയെയും കാണിക്കുന്നു. അനുദിനം മാറിക്കൊരിരിക്കുന്ന ലോകക്രമം, വ്യത്യസ്ത പ്രത്യയശാസ്ത്രങ്ങളാൽ രൂപപ്പെട്ട പ്രദേശങ്ങൾ എന്നിവയെ ഈ കലാപ്രതിഷ്ഠ പ്രതിനിധീകരിക്കുന്നുണ്ട്. അടിമത്തം, കുടിയിറക്കങ്ങൾ തുടങ്ങിയവയും പ്രതിപാദ്യമാണ്. കാഴ്ചയ്ക്കൊപ്പം തന്നെ ശബ്ദത്തിനും ഇവിടെ പ്രാധാന്യമുണ്ട്. തറ അടിച്ചുവാരുന്ന ശബ്ദം, പക്ഷികളുടെ കലപില, പ്രണയഗാനങ്ങൾ, പ്രതിഷേധ ഗാനങ്ങൾ തുടങ്ങി ദൈനംദിന ജീവിതത്തിലെ ശബ്ദങ്ങൾ ഇവിടെ മുഴങ്ങിക്കേൾക്കാം. തിരക്കുപിടിച്ച ലോകത്ത്, നമ്മുടെ വേരുകളെക്കുറിച്ചും ഭൂമി നൽകുന്ന സമാശ്വാസത്തെക്കുറിച്ചുമുള്ള വലിയൊരു ഓർമ്മപ്പെടുത്തലാണ് ബൊബാബെയുടെ ഈ സൃഷ്ടി.

# ട്രൂസോൺ സോളാറിൽ നിക്ഷേപം നടത്തി സച്ചിൻ തെൻഡുൽക്കർ

**കൊച്ചി:** പുനരുപയോഗ ഊർജ മേഖലയിലെ രാജ്യത്തെ മുൻനിര കമ്പനിയായ സൺടെക് എനർജി സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡിൽ നിക്ഷേപം നടത്തി ക്രിക്കറ്റ് ഇതിഹാസം സച്ചിൻ തെൻഡുൽക്കർ. കമ്പനിയുടെ കീഴിൽ പുറത്തിറങ്ങുന്ന ട്രൂസോൺ സോളാറിലാണ് സച്ചിൻ നിക്ഷേപം നടത്തിയത്. നിക്ഷേപ തുകയോ കൈവശപ്പെടുത്തിയ ഓഹരികളുടെ വിവരങ്ങളോ വെളിപ്പെടുത്തിയിട്ടില്ല. 2030ഓടെ ഇന്ത്യയിലെ ഏറ്റവും മികച്ച മൂന്ന് സോളാർ കമ്പനികളിലൊന്നായി മാറാനൊരുങ്ങുന്ന ട്രൂസോൺ സോളാറിന്റെ ബിസിനസ് യാത്രയിലെ തന്ത്രപ്രധാനമായ പങ്കാളിത്തമാണ് സച്ചിനുമായി നടത്തുന്നതെന്ന് കമ്പനി അറിയിച്ചു. വിശ്വസ്തതയുടെയും മികവിന്റെയും പ്രതീകമായ സച്ചിന്റെ നിക്ഷേപത്തോടെ ബ്രാൻഡ് മൂല്യം വർധിക്കുമെന്നാണ് കമ്പനി കരുതുന്നത്.

രാജ്യമെമ്പാടും ഹരിതോർജ വിതരണം ശക്തിപ്പെടുത്തുന്ന പ്രവർത്തനങ്ങൾ വിപുലീകരിക്കുമെന്നും കമ്പനി അറിയിച്ചു. നിലവിൽ തെലങ്കാന, ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര, മധ്യപ്രദേശ്, ഛത്തീസ്ഗഡ്, കർണാടക സംസ്ഥാനങ്ങളിലാണ് കമ്പനിയുടെ പ്രവർത്തനം. കേരളം, ഉത്തർപ്രദേശ്, തമിഴ്നാട്, ഒഡീഷ എന്നിവിടങ്ങളിലേക്ക് പ്രവർത്തനം വ്യാപിപ്പിക്കാനും കമ്പനി ലക്ഷ്യമിടുന്നുണ്ട്. കേവലം നിക്ഷേപത്തിനുപരി, കമ്പനിയുടെ പ്രവർത്തനങ്ങൾക്കും ലക്ഷ്യങ്ങൾക്കും മൂല്യ ബോധങ്ങൾക്കും ലഭിച്ച അംഗീകാരമാണ് സച്ചിനുമായുള്ള നിക്ഷേപ പങ്കാളിത്തമെന്ന് ട്രൂസോൺ സോളാറിന്റെ സ്ഥാപകനും എംഡിയുമായ സി ഭവാനി സുരേഷ് അഭിപ്രായപ്പെട്ടു. രാജ്യത്തുടനീളമുള്ള ബിസിനസ് സ്ഥാപനങ്ങളിലും വ്യവസായശാലകളിലും വീടുകളിലും സോളാർ എത്തിക്കുകയെന്നതാണ് ലക്ഷ്യമിടുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പുരപ്പുര സോളാറിനു പുറമെ, വാണിജ്യ വ്യവസായ ശാലകളിലേക്കുള്ള വൻകിട സോളാർ ഉൽപന്നങ്ങൾ, കാർഷിക മേഖലയ്ക്കുള്ള കേന്ദ്രപദ്ധതി പിഎം കുസും സോളാർ ഉൽപന്നങ്ങൾ എന്നിവയാണ് ട്രൂസോൺ സോളാർ ബ്രാൻഡിനു കീഴിൽ പുറത്തിറക്കുന്നത്.

# 'സമവേഷ' പദ്ധതിയുമായി വിഗാർഡ്



**കൊച്ചി:** വിഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ സി.എസ്.ആർ പ്രവർത്തനങ്ങളുടെ ഭാഗമായി ട്രാൻസ്ജെൻഡർ സമൂഹത്തിനായി സൗജന്യ ചർമ്മരോഗ നിർണ്ണയ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. സമവേഷ ഇൻക്ലൂഷൻ വിത്ത് ഡിഗ്നിറ്റി എന്ന പദ്ധതിയുടെ ഭാഗമായി ചമ്പക്കര സെന്റ് ജെയിംസ് ചർച്ച് പാരിഷ് ഹാളിലാണ് ക്യാമ്പ് നടത്തിയത്. ട്രാൻസ്ജെൻഡർ വ്യക്തികളുടെ ക്ഷേമം ഉറപ്പാക്കുക, അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുക, പാർശ്വവൽക്കരണം ഇല്ലാതാക്കുക എന്നിവ ലക്ഷ്യമാക്കിയാണ് പദ്ധതി നടപ്പിലാക്കുന്നത്.

വെൽഫെയർ സർവീസസ് എറണാകുളവുമായി സഹകരിച്ച് വിഗാർഡ് നടപ്പിലാക്കുന്ന പദ്ധതിയിൽ ഇടപ്പള്ളി എം.എ.ജെ ഹോസ്പിറ്റലിലെ മെഡിക്കൽ സംഘം ക്യാമ്പിന് നേതൃത്വം നൽകി. ചടങ്ങിൽ അധ്യക്ഷത വഹിച്ച ഡോ. റീന മിഥുൻ ചിറ്റിലപ്പിള്ളി, ക്രിസ്മസ് ആഘോഷങ്ങളുടെ ഭാഗമായി പങ്കെടുത്തവർക്ക് ഭക്ഷണക്കിറ്റുകളും കേക്കുകളും വിതരണം ചെയ്തു. ട്രാൻസ്ജെൻഡർ വ്യക്തികളുടെ അന്തസ്സ് ഉയർത്തിപ്പിടിക്കുകയും അവർക്ക് മതിയായ പിന്തുണയും ആദരവും ലഭിക്കുന്ന ഒരു സാഹചര്യം സൃഷ്ടിക്കുകയുമാണ് സാമവേഷ ലക്ഷ്യമിടുന്നത്. ഇത്തരം ആരോഗ്യ സുരക്ഷാ പദ്ധതികളിലൂടെ അവർ നേരിടുന്ന വെല്ലുവിളികൾക്ക് പരിഹാരം കാണാനും തുല്യത ഉറപ്പാക്കാനും സാധിക്കുമെന്ന് ഡോ. റീന മിഥുൻ ചിറ്റിലപ്പിള്ളി പറഞ്ഞു. ട്രാൻസ്ജെൻഡർ സമൂഹത്തിന് തന്റെ എല്ലാവിധ പിന്തുണയും വാഗ്ദാനം ചെയ്ത ഡോ. റീന, സമവേശ പദ്ധതിയുടെ ഭാഗമായി മരുന്നുകളും ലഭ്യമാക്കുവാനുള്ള നടപടി സ്വീകരിക്കുമെന്ന് അറിയിച്ചു.

പദ്ധതിയുടെ ഭാഗമായി വിഗാർഡ് ഇതിനകം തന്നെ വിവിധ മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ ക്ലാസുകളും നടത്തി വരുന്നുണ്ട്. വെൽഫെയർ സർവീസസ് എറണാകുളം, എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജോസഫ് കൊളുത്തുവെള്ളിൽ; വിഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് സിഎസ്ആർ ചീഫ് ഓഫീസർ സനീഷ് കെ; ഡോ. നിസ്സി അനിൽ, ട്രാൻസ്ജെൻഡർ കമ്മ്യൂണിറ്റി പ്രതിനിധി ഹീന എന്നിവരും ചടങ്ങിന്റെ ഭാഗമായി.

